**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5322** **12-08-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കയർ വകുപ്പിന്റെ കീഴിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ കയർ വകുപ്പിന്റെ കീഴിൽ നടക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ നോർത്ത്പരവൂർ പ്രോജക്ടിന് കീഴിൽ നിലവിൽ 3 സംഘങ്ങളിലായി എം.ഡി.എ, പി.എം.ഐ, അടിസ്ഥാന വികസന പദ്ധതി, റിവൈവൽ, എ.എസ്.എം , മാനേജീരിയൽ ഗ്രാൻറ്, വില്ലോയിംഗ്, വർക്കിംഗ് ക്യാപിറ്റൽ, വരുമാനം ഉറപ്പാക്കൽ പദ്ധതി എന്നീ വികസന പദ്ധതികളിലായി 2016 മുതൽ 2021 വരെ 1,73,32,390/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി നിയോജക മണ്ഡലത്തിൽപ്പെട്ട പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മുനമ്പത്ത് കയർഫെഡ് 1.33 കോടി രൂപ ചെലവിൽ ഗോഡൗൺ സമുച്ചയം കേരള സർക്കാർ ധനസഹായത്തോടുകൂടി പുതുക്കി നിർമ്മിക്കുകയും പുതുതായി ഷോറൂം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മുനമ്പത്ത് കയർഫെഡിന്റെ കീഴിലുള്ള സ്ഥലത്ത് പിത്ത് സംസ്കരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ബി) | പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മുനമ്പത്ത് കയർഫെഡിന്റെ കീഴിലുള്ള സ്ഥലത്ത് പിത്ത് സംസ്കരണത്തിനായി ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ചകിരിച്ചോറ് സംഭരിച്ച് സംസ്കരിച്ച് കൊക്കോഫെർട്ട് എന്ന ബ്രാൻഡിൽ സോയിൽ കണ്ടീഷണറായും ,കോക്കോ ഗ്രീൻ എന്ന ബ്രാൻഡിൽ ജൈവമാലിന്യ സംസ്കരണത്തിനുള്ള ഇനോക്കുലേറ്റഡ് പിത്തായും മാറ്റുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത ഉല്പന്നങ്ങൾ സംസ്ഥാന കൃഷി വകുപ്പ് വഴിയും ത്രിതല പഞ്ചായത്ത് സംവിധാനം വഴിയും വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ